**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന 2021-22 വർഷം മുതൽ 2024-25 (28-02-2025 വരെ) വർഷം വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണത്തിൽ 26 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 22 പേരുടേയും കുടുംബാംഗങ്ങൾക്ക് ചട്ടങ്ങൾക്കനുസൃതമായി നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. ബാക്കിയുള്ളതിൽ കോട്ടയം ഡിവിഷനിൽ 10-02-2025 ന് കാട്ടാനയാക്രമണത്തിൽ മരണപ്പെട്ട ഒരാളുടെ കുടുംബാംഗങ്ങൾക്ക് ആദ്യ ഗഡുവായ അഞ്ച് ലക്ഷം രൂപയും 2025 ഫെബ്രുവരി മാസത്തിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ കാട്ടാനയാക്രമണത്തിൽ മരണപ്പെട്ട വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് ആദ്യ ഗഡുവായ അഞ്ച് ലക്ഷം രൂപയും നൽകിയിട്ടുള്ളതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ അഞ്ച് ലക്ഷം രൂപ വീതം നല്കാൻ സാധിക്കും.<br>കോട്ടയം ഡിവിഷനിൽ പാമ്പുകടിയേറ്റ് മരണപ്പെട്ട ഒരാളുടെ കുടുംബത്തിന് അനന്തരാവകാശികളിൽ നിന്നും സമ്മത പത്രം ലഭിക്കാത്തതിനാൽ നഷ്ടപരിഹാരം നൽകുവാൻ സാധിച്ചിട്ടില്ല.<br>കോതമംഗലം ഡിവിഷനിൽ റിസർവ്വ് വനത്തിനുള്ളിൽ കാട്ടാനയാക്രമണത്തിൽ മരണപ്പെട്ട ഒരാളുടെ ആശ്രിതർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം നഷ്ടപരിഹാരത്തിന് അർഹതയില്ല. |
| (ബി) | പീരുമേട് മണ്ഡലത്തിൽ വന്യജീവി ആക്രമണം തടയുന്നതിന് എന്ത് തുകയാണ് ചെലവാക്കിയിട്ടുള്ളതെന്നും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | പീരുമേട് മണ്ഡലത്തിൽ മനുഷ്യ - വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സോളാർ ഹാങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അനുബന്ധം (1) ആയി ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>മുറിഞ്ഞപുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ പീരുമേട് ഗ്രാമപഞ്ചായത്തിൽ ബഹു. എം.പി.അഡ്വ. ഡീൻ |

| | | | |
|---|---|---|---|
| | | | കുര്യാക്കോസ്-ന്റെ MPLADS 2024-25 (18th LS) പദ്ധതി പ്രകാരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്ന സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്.<br><br>പീരുമേട് മണ്ഡലത്തിൽ മുൻവർഷങ്ങളിൽ അനുബന്ധം (3)-ൽ ചേർത്തിരിക്കുന്ന മേഖലകളിൽ സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വണ്ടൻപതാൽ ആസ്ഥാനമാക്കി രൂപീകരിച്ച ആർ.ആർ.റ്റി അംഗങ്ങളും മുറിഞ്ഞപുഴ സ്റ്റേഷൻ ജീവനക്കാരും ദിവസവേതന വാച്ചർമാരും പീരുമേട് നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നുണ്ട്.<br>മേൽ പ്രവൃത്തികൾക്ക് പുറമെ കോട്ടയം വന്യജീവി സർക്കിളിന്റെ പരിധിയിൽ വരുന്ന പീരുമേട് മണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെ വന്യജീവി ആക്രമണം തടയുന്നതിനായി സൗരോർജ്ജവേലി നിർമ്മാണം, ആനക്കിടങ്ങ് നിർമ്മാണം, ദിവസവേതന വാച്ചർമാരെ നിയോഗിക്കൽ എന്നിവയ്ക്കായി 199.89 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| Sl No. | Name of Work | Km. | Estimate Amount | Panchayath | Project |
|---|---|---|---|---|---|
| 1. | Valanchal to Panniyarkutty | 6.2 | 46.69 | Peruvanthanam | Crop Health management Scheme |
| 2. | Ponnagar-Colony Randam point-Satram | 7 | 51.92 | Vandiperiyar | RKVY |
| 3. | Plackanthadam tribal settlement | 5.5 | 70.495 | Peerumade | NABARD |
| 4. | Kandakayam to Mathampa | 14 | 160.979 | Peruvanthanam (Vattamala to Koinad) | NABARD |

**അനുബന്ധം -2**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ജി.പി.എസ് ട്രാക്ക് ദൂരം (കി.മീ) |
|---|---|---|
| 1. | കെ.കെ.റോഡ് PDS മുതൽ മുക്കാടൻസ് വരെ | 4.8 |
| 2. | തോട്ടാപ്പുര (മുക്കാടൻസ്) മുതൽ തെപ്പക്കുളം വരെ | 4.2 |

അനുബന്ധം - 3

| Sl No. | Area | Km. | Amount in lakhs |
|---|---|---|---|
| 1 | Mynakkulam to Pathekkar | 3.5 | 8.90 |
| 2. | Cheruvallikkulam to Purakkayam | 4.5 | 8.99 |
| 3. | Mathamaba-Koinadu | 4.5 | 8.99 |
| 4. | Thottapura-Kallar | 3 | 5.87 |
| 5. | Moolakayam area | 2 | 2.35 |